ണം. നേരിട്ടുള്ള നിയമനങ്ങളിൽ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള സംവരണ തത്വം പാലിക്കേണ്ടതാണ്.

വ്യവസായ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ

30 (2827)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വായ്പ വാങ്ങി തിരിച്ചടയ്ക്കാൻ കഴിയാതിരിക്കുന്ന എത്ര ചെറുകിട വ്യവസായ സംരംഭകർ 31.3.'99 വരെ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ഏതുവിധത്തിലുള്ള ആശ്വാസം നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(സി) ഗവൺമെന്റിൽ നിന്ന് ചെറുകിട വ്യവസായ സംരംഭകർ എടുത്തിട്ടുള്ള വായ്പ പൂർണ്ണമായി തിരിച്ചടയ്ക്കുകയും പലിശ മാത്രം ബാക്കിയാവുകയും ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ പലിശ ഇളവുചെയ്ത് ഇവരെ കടത്തിൽ നിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലകളിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി)&(സി) പൊതുവായ പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ പലിശ ഇളവുചെയ്യണമെന്ന അപേക്ഷകൾ സർക്കാരിനു ലഭിക്കാറുണ്ട്. ഇതി പരിശോധിച്ച് ഇളവ് അനുവദിക്കേണ്ടത് ആവശ്യമാണ് എന്നു ബോദ്ധ്യമാകുന്ന കേസ്സുകളിൽ മാത്രം സർക്കാർ ഇളവനുദിക്കാറുണ്ട്.

ടി.സി.സി.യുടെ ഉടമസ്ഥതയിലുള്ള ഭൂമി

31 (2828)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലൂർ ടി.സി.സി. യുടെ ഉടമസ്ഥതയിലുള്ള ഭൂമി ഏതെങ്കിലും വൈദ്യുതി പ്രോജക്ടിനുവേണ്ടി നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് നൽകിയത്;

(ബി എന്ത് വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഭൂമിനൽകിയിട്ടുള്ളത്;

(സി) ഈ പ്രോജക്ടിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയിൽ നിന്നും കുറഞ്ഞ നിരക്കിൽ ടി.സി.സി.യ്ക്ക് വൈദ്യുതി ലഭ്യമാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ഈ പ്രോജക്ടിലെ ഗവൺമെന്റ് പങ്കാളിത്തം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) കമ്പനിവക ഭൂമി പ്രോജക്ടിന് നൽകിയതുമൂലം ടി.സി.സി.യ്ക്ക് ഉണ്ടാകുന്ന നേട്ടം എന്താണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടി.സി.സി. യുടെ ഉടമസ്ഥതയിലുള്ള 20 ഏക്കർ ഭൂമി ബി.എസ്. ഇ.എസ്. കേരള പവർ ലിമിറ്റഡിന് വൈദ്യുതി പ്രോജക്ട് സ്ഥാപിക്കുന്നതിനു വേണ്ടി 15 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) താഴെ പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളത്.

1. പാട്ടത്തിന് നൽകുന്ന 20 ഏക്കർ ഭൂമിയും സെന്റിനു 35000 രൂപ നിരക്കിൽ കമ്പോളവില കണക്കാക്കി അതിന്റെ 10% വാർഷിക പാട്ടക്കരമായി ഭൂമി ഏറ്റെടുത്ത ദിവസം മുതൽ ബി.എസ്.ഇ.എസ്. ടി.സി.സി.യ്ക്ക് നൽകണം.

2. പദ്ധതി പൂർത്തിയാകുമ്പോൾ ടി.സി.സി.യ്ക്ക് ആവശ്യമായ വൈദ്യുതി സംസ്ഥാന വൈദ്യുതി ബോർഡിന്റെ അപ്പോൾ നിലവിലുള്ള നിരക്കിൽ ബി.എസ്.ഇ.എസ്. നൽകണം.

3. ടി.സി.സി. നൽകിയ സ്ഥലത്തുനിന്നും പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിന്റെ ചെലവ് ബി.എസ്.ഇ.എസ്. വഹിക്കണം.

4. വാർഷിക പാട്ടക്കരം പുതുക്കുന്നതിനായി ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഭൂമിയുടെ നിർദ്ദിഷ്ട കമ്പോളവില 50% വർദ്ധിച്ചതായി കണക്കാക്കേണ്ടതാണ്.

(സി) ഇല്ല.

(ഡി) ഈ പ്രോജക്ട് കെ.എസ്.ഐ.ഡി.സി. യും ബി.എസ്.ഇ.എസ്. കമ്പനിയും ചേർന്നുള്ള സംയുക്ത സംരംഭമാണ്.

(ഇ) പ്രസ്തുത ഭൂമിയുടെ പാട്ടക്കരമായി പ്രതിവർഷം 70 ലക്ഷം രൂപ ടി.സി.സി. യ്ക്ക് ലഭിക്കുന്നു.

കിൻഫ്രാ നടത്തുന്ന ബണ്ട് പണി

32 (2829)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രാ എറണാകുളത്ത് കടംബ്രയാറിൽ ഒരു ബണ്ട് തീർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തിനുവേണ്ടിയാണ് ഈ ബണ്ട് നിർമ്മിക്കുന്നത് എന്നും ആരുടെ അനുമതിയോടെയാണ് പുഴയ്ക്കു കുറുകെ ഇങ്ങനെ ബണ്ട് കെട്ടുന്നത് എന്നും അറിയിക്കുമോ;

(സി) ഇതിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് എന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; ഇതിന്റെ സാങ്കേതിക ഉപദേശം എവിടെ നിന്നാണ്;

(ഡി) ഈ ബണ്ട് കെട്ടുന്നത് കെ.സി.പി.എൽ. കമ്പനിക്കുവേണ്ടി ആണോ; നിലവിൽ കെ.സി.പി.എൽ.-ന് ഒരു ശുദ്ധജലപദ്ധതി ഉണ്ടെന്ന കാര്യം അറിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly